പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 33

# 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 33

# 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

74/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 33

# 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

## 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ് (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) അത് കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 20-ാം വകുപ്പിനുള്ള ഭേദഗതി.—1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 20-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, ''തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥനേയോ'' എന്ന വാക്കുകൾക്ക് പകരം ''ഡെപ്യൂട്ടി തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത സ്റ്റേറ്റ് ഗവൺമെന്റിലെ ഏതൊരു ഉദ്യോഗസ്ഥനേയോ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ, ''അൻപത് രൂപയിൽ'' എന്ന വാക്കുകൾക്ക് പകരം ''ആയിരം രൂപയിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) (5)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിനു പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) അധികാരസ്ഥാനം ഒരു മജിസ്ട്രേറ്റ് അല്ലെങ്കിൽ, മറ്റ് ഏതെങ്കിലും രീതിയിൽ ഈടാക്കുന്നതിന് ഭംഗം വരാതെ, ഭൂനികുതി കുടിശ്ശിക എന്നപോലെ, അധികാരസ്ഥാനത്തിനോ"

3. 22-ാം വകുപ്പിനുള്ള ഭേദഗതി.—22-ാം വകുപ്പിൽ "അഞ്ഞൂറ് രൂപയോള മാകാവുന്ന" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപയോളമാകാവുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 22എ വകുപ്പിനുള്ള ഭേദഗതി.—22എ വകുപ്പിൽ, "അഞ്ഞൂറ് രൂപയോള മാകാവുന്ന" എന്ന വാക്കുകൾക്ക് പകരം "അയ്യായിരം രൂപയോളമാകാവുന്ന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിലവിൽ ഈ ആക്റ്റ് പ്രകാരമുള്ള അവകാശ തർക്കങ്ങൾ സംസ്ഥാന സർക്കാരിലെ തൊഴിൽ കമ്മീഷണറുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കേൾക്കേണ്ടതും തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ, സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ഈ വ്യവസ്ഥ നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുള്ളതു കൊണ്ട് പ്രസ്തുത ആക്റ്റിൻ കീഴിലുള്ള അവകാശ തർക്കങ്ങൾ തീരുമാനിക്കുന്നതിന് സംസ്ഥാന സർക്കാരിലെ ഡെപ്യൂട്ടി തൊഴിൽ കമ്മീഷണറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ തൊഴിൽ കമ്മീഷണറുടെ സ്ഥാനത്ത് നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചു. നിലവിൽ, 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ് പ്രകാരം ഒരു തൊഴിലാളിയുടെ അവകാശ തർക്ക പരാതി പ്രസ്തുത ആക്റ്റിലെ 20-ാം വകുപ്പിൽ നിർണ്ണയിച്ചിട്ടുള്ള നടപടിക്രമത്തിലൂടെയാണ് തീരുമാനിക്കുന്നത്. പ്രസ്തുത ആക്റ്റിലെ 20-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം അധികാരസ്ഥാനം നിർദ്ദേശിക്കുന്ന ഏതൊരു തുകയും മജിസ്ട്രേറ്റുമാർ മുഖാന്തിരം മാത്രമേ വസൂലാക്കാൻ സാധിക്കുകയുള്ളൂ. ഈ നടപടിക്രമം കിട്ടാനുള്ള തുക വസൂലാക്കുന്നതിന് കാലതാമസത്തിന് ഇടവരുത്തുന്നു. അതിനാൽ, ഈ ആക്റ്റിലെ പ്രസ്തുത വകുപ്പ്, കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം തൊഴിലുടമയിൽ നിന്നോ അല്ലെങ്കിൽ തുക അടയ്ക്കാൻ നിർദ്ദേശിക്കപ്പെട്ട ആളിൽ നിന്നോ കിട്ടാനുള്ള ഭൂനികുതി കുടിശ്ശിക എന്നപോലെ ആ തുക ഈടാക്കുന്നതിന് അധികാരസ്ഥാനത്തിന് കഴിയുംവിധം, ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ആക്റ്റിലെ വിവിധ വ്യവസ്ഥകൾക്കു കീഴിൽ നിർണ്ണയിച്ചിട്ടുള്ള പിഴ നിരക്കുകൾ കാലഹരണപ്പെട്ടിട്ടുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കു ന്നതിന് ആയത് വർദ്ധിപ്പിക്കേണ്ടത് ആവശ്യവുമാണ്. അതിനാൽ ഈ ആക്റ്റിലെ 20-ാം വകുപ്പ് (4)-ാം ഉപവകുപ്പ്, 22, 22എ എന്നീ വകുപ്പുകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ വകുപ്പുകൾ അനുയോജ്യമായി ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിനായി 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ്, കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ടി. പി. രാമകൃഷ്ണൻ

(ശരിത്തർജ്ജമ)

## 1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിൽ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

20. അവകാശവാദങ്ങൾ.—(1) സമുചിതഗവൺമെന്റിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഏതെങ്കിലും തൊഴിലാളി നഷ്ടപരിഹാരക്കമ്മീഷണറേയോ, ഏതെങ്കിലും പ്രദേശത്തേക്ക് ഒരു തൊഴിൽക്കമ്മീഷണറായി ചുമതലകൾ നിർവ്വഹിക്കുന്ന ഏതെങ്കിലും കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥനേയോ, തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥനേയോ, ഒരു സിവിൽക്കോടതിയിലെ ജഡ്ജിയായോ ശമ്പളം പറ്റുന്ന മജിസ്ട്രേട്ടായോ പരിചയം സിദ്ധിച്ച മറ്റേതെങ്കിലും ഉദ്യോഗസ്ഥനേയോ, ഏതെങ്കിലും വിനിർദ്ദിഷ്ട പ്രദേശത്തേക്ക്, ആ പ്രദേശത്ത് നിയോജിക്കപ്പെടുകയോ കൂലി കൊടുക്കപ്പെടുകയോ ചെയ്യുന്ന ജോലിക്കാർക്ക് ഏറ്റവും കുറഞ്ഞ കൂലിനിരക്കിലും കുറഞ്ഞ കൂലി കൊടുക്കുന്നതിൽ നിന്നോ അല്ലെങ്കിൽ 13-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോകീഴിൽ വിശ്രമദിവസങ്ങൾക്കോ അങ്ങനെയുള്ള ദിവസങ്ങളിൽ ചെയ്ത പ്രവൃത്തിക്കോ വേതനമോ 14-ാം വകുപ്പിൻകീഴിൽ ഓവർടൈം നിരക്കിലുള്ള കൂലിയോ കൊടുക്കുന്നതു സംബന്ധിച്ചോ ഉദ്ഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും കേൾക്കുകയും തീരുമാനിക്കുകയും ചെയ്യാനുള്ള അധികാരസ്ഥാനമായി നിയമിക്കാവുന്നതാണ്.

** ** ** **

(4) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും അപേക്ഷ കേൾക്കുന്ന അധികാരസ്ഥാനത്തിന്, ആ അപേക്ഷ ദുരുദ്ദേശ്യപരമായതോ ശല്യമുണ്ടാക്കുന്നതോ ആണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അധികാരസ്ഥാനത്തിന്, അപേക്ഷ ബോധിപ്പിക്കുന്ന ആൾ നിയോജകന് അൻപതുരൂപയിൽ കവിയാത്ത ഒരു ദണ്ഡനത്തുക കൊടുക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ കൊടുക്കാൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും തുക—

(ക) അധികാരസ്ഥാനം മജിസ്ട്രേറ്റാണെങ്കിൽ, ആ തുക മജിസ്ട്രേറ്റ് എന്ന നിലയിൽ ആ അധികാരസ്ഥാനം ചുമത്തിയ പിഴ ആയിരുന്നാലെന്നപോലെ, അധികാരസ്ഥാനത്തിനോ;

(ഖ) അധികാരസ്ഥാനം മജിസ്ട്രേറ്റ് അല്ലെങ്കിൽ, ആ തുക ഏത് മജിസ്ട്രേറ്റിനാണോ അധികാരസ്ഥാനം ഇതിലേക്കായി അപേക്ഷ കൊടുക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും മജിസ്ട്രേറ്റ് ചുമത്തിയ പിഴ ആയിരുന്നാലെന്നപോലെ, ആ മജിസ്ട്രേറ്റിനോ,

വസൂലാക്കാവുന്നതാണ്.

** ** ** **

22. ചില കുറ്റങ്ങൾക്കുള്ള ദണ്ഡനങ്ങൾ.—ഏതു നിയോജകനാണോ,—

(ക) ഏതെങ്കിലും ജോലിക്കാരന് ആ ജോലിക്കാരന്റെ പ്രവൃത്തിയുടെ തരം പ്രവൃത്തിക്ക് നിജപ്പെടുത്തിയിട്ടുള്ള ഏറ്റവും കുറഞ്ഞ കൂലി നിരക്കുകളിലും കുറവായോ, അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിൽ, അയാൾക്ക് കിട്ടാനുള്ള തുകയിലും കുറവായോ കൊടുക്കുകയോ, അല്ലെങ്കിൽ

(ഖ) 13-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ ഉല്ലംഘിക്കുകയോ,

ചെയ്യുന്നത്, ആ നിയോജകൻ, ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ ഈ വകുപ്പിൻകീഴിലെ ഒരു കുറ്റത്തിന് ഏതെങ്കിലും പിഴ ചുമത്തുന്നതിൽ, പ്രതിക്ക് എതിരായി 20-ാം വകുപ്പിൻകീഴിൽ എടുത്തിട്ടുള്ള ഏതെങ്കിലും നടപടികളിൽ അവാർഡ് ചെയ്ത് കഴിഞ്ഞിട്ടുള്ള ഏതെങ്കിലും നഷ്ടപരിഹാരത്തുക കോടതി പരിഗണനയിൽ എടുക്കേണ്ടതാകുന്നു.

22ക. മറ്റുകുറ്റങ്ങളുടെ ശിക്ഷയ്ക്കുള്ള സാമാന്യവ്യവസ്ഥ.—ഈ ആക്റ്റിലേയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതു നിയോജകനും, അങ്ങനെയുള്ള ഉല്ലംഘനത്തിന്, ഈ ആക്റ്റ് മറ്റുദണ്ഡനം വ്യവസ്ഥ ചെയ്യാത്തപക്ഷം, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

** ** ** **